പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6038 — 07/07/2014- ൽ മറുപടിക്ക്

## മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്; | എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ<br>1. റൂറൽ ബാക്ക് യാർഡ് പദ്ധതി (സംസ്ഥാന പദ്ധതി)<br>2. റൂറൽ ബാക്ക് യാർഡ് പൗൾട്രി പദ്ധതി (100%CSS)<br>കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ<br>1. സ്കൂൾ പൗൾട്രി ക്ലബ്<br>2. കെപ്കോ ആശ്രയ പദ്ധതി<br>3. ഗ്രാമീണ വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതി<br>4. കോൾ മേഖലയിലെ കർഷകർക്കുള്ള കോഴി വളർത്തൽ പദ്ധതി<br>5. ഗ്രാമം നിറയെ കോഴികൾ പദ്ധതി<br>6. കോഴി വളർത്തൽ ഗ്രാമം പദ്ധതി<br>7. കെപ്കോ ഗ്രാമം പദ്ധതി |
| ബി) ഓരോ പദ്ധതി മുഖേനയും കർഷകന് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | ബി) 1. റൂറൽ ബാക്ക് യാർഡ്പദ്ധതി<br>40-60 ദിവസം പ്രായമുള്ള 5 കോഴിക്കുഞ്ഞുങ്ങൾ, 75 രൂപയുടെ തീറ്റ, 75 രൂപയുടെ മരുന്ന് എന്നിവ നൽകുന്നു.<br>2. റൂറൽ ബാക്ക് യാർഡ് പൗൾട്രി പദ്ധതി (100% CSS)<br>സംസ്ഥാനത്ത് കോഴിക്കർഷകരായ ഗുണഭോക്താക്കൾക്ക് 45 മുട്ടക്കോഴികളെ വീതം കേരളാ സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ വഴി വിതരണം ചെയ്യുന്നു. സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ മുഖേന ഓരോ ഗുണഭോക്താവിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്. |

സ്കൂൾ പൗൾട്രി ക്ലബ്ബ് മുഖേന സൗജന്യമായി 3 കോഴി, 3 കിലോ തീറ്റ, 20 രൂപയുടെ മരുന്ന്.

കെപ്കോ ആശ്രയ പദ്ധതി മുഖേന സൗജന്യമായി 10 കോഴി, 10 കിലോ തീറ്റ, 25 രൂപയുടെ മരുന്ന്.

ഗ്രാമീണ വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതി മുഖേന 45 കോഴി 50% സബ്സിഡി.

കോൾമേഖലയിലുള്ള കർഷകർക്കുള്ള കോഴി വളർത്തൽ പദ്ധതി പ്രകാരം 12 കോഴി,10 കിലോ തീറ്റ, 50 രൂപയുടെ മരുന്ന്, 100 രൂപ ഗുണഭോക്തൃ വിഹിതം.

ഗ്രാമം നിറയെ കോഴികൾ പദ്ധതി മുഖേന 5 കോഴി 10 കിലോ തീറ്റ, 25 രൂപയുടെ മരുന്ന് 80 രൂപ ഗുണഭോക്തൃ വിഹിതം

കോഴി വളർത്തൽ ഗ്രാമം പദ്ധതി മുഖേന സൗജന്യമായി 3 കോഴി , 3 കിലോ തീറ്റ, 25 രൂപയുടെ മരുന്ന്.

കെപ്കോ ഗ്രാമം പദ്ധതി മുഖേന സൗജന്യമായി 4 കോഴി, 5 കിലോ തീറ്റ, 25 രൂപയുടെ മരുന്ന്.

| | | | |
|---|---|---|---|
| സി) | മുട്ടക്കോഴികൾക്കായുള്ള ചെറുകിട പൗൾട്രിഫാമുകൾ തുടങ്ങുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട് ; | സി) | സംയോജിത മാതൃകാ കൃഷിത്തോട്ട പദ്ധതി പ്രകാരം 40-60 ദിവസം പ്രായമുള്ള 10 കോഴി കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് സജ്ജീകരിക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതി ആരംഭിച്ചിട്ടില്ല. |
| ഡി) | മുട്ടക്കോഴി വളർത്തലിലെ പ്രധാന ചെലവിനമായ കോഴിത്തീറ്റക്ക് സബ്സിഡി നൽകുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | ഡി) | കോഴിത്തീറ്റക്ക് നിലവിൽ സബ്സിഡി നൽകുന്ന പദ്ധതികൾ ഇല്ല. |
| ഇ) | മുട്ടക്കോഴികൾക്ക് ഇൻഷ്വറൻസ് നടപ്പിലാക്കുവാൻ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ? | ഇ) | മുട്ടക്കോഴികൾക്ക് ഇൻഷ്വറൻസ് നടപ്പിലാക്കുവാൻ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. |

[signature]

സെക്ഷൻ ഓഫീസർ